LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലനിന്നിരുന്ന അപാകതകൾ മാറ്റി കുറ്റവാളികൾ രക്ഷപ്പെടാത്ത തരത്തിൽ പഴുതടച്ച് ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) ബ്ലേഡ് മാഫിയകളുടെ പ്രവർത്തനം മാത്രം കാരണമായി സംസ്ഥാനത്ത് ആത്മഹത്യകൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അമിത പലിശ ഈടാക്കുന്നവർക്കെതിരെ 194 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 128 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) പാവപ്പെട്ടവർക്ക് വട്ടിപ്പലിശയ്ക്ക് പണം നൽകി വസ്തുവകകൾ കൈവശപ്പെടുത്തുന്ന മാഫിയകൾക്കെതിരെയും അനധികൃത പണമിടപാട് നടത്തുന്നവർക്കെതിരെയും കർശന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**പോലീസിന്റെ അന്വേഷണ നടപടികളിലെ വീഴ്ചകളെപ്പറ്റി വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട്**

120 (1771) ഡോ. എം. കെ. മുനീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ അന്വേഷണ നടപടിയിലെ വീഴ്ചകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ സർക്കാരിന് ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പോലീസ് വിഭാഗത്തിന്റെ അന്വേഷണ നടപടികളിലെ വീഴ്ചകൾ പരിശോധിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്തിയിരുന്നോ;

(ഡി) വിജിലൻസ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കപ്പെടേണ്ടതാണോ; എങ്കിൽ അക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പെരുമ്പാവൂർ ജിഷാ വധക്കേസ്സിലെ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന് കാണിച്ച് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) പരിശോധിച്ചുവരുന്നു.

**ഓൺലൈൻ തട്ടിപ്പ് കേസ്സുകൾ**

121 (1772) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഓൺലൈൻ വഴിയുള്ള തട്ടിപ്പ് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 79 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ 4 കേസ്സുകൾക്ക് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ**

122 (1773) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടുവരുന്ന കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും സംവിധാനമുണ്ടോ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) ഇതരസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള എത്ര കഞ്ചാവ്, മയക്കുമരുന്ന് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തേക്ക് ട്രെയിൻ മാർഗ്ഗവും മറ്റും വരുന്ന തൊഴിലാളികൾ ലഹരി വസ്തുക്കൾ കടത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?